A

# സമഗ്ര ശിക്ഷാ, കേരളം

## പാദവാർഷിക മൂല്യനിർണയം 2019-20

702

ക്ലാസ് : 7

## മലയാളം

## കേരളപാഠാവലി

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം.** രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ **നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.**

### പ്രവർത്തനം 1 – വായിക്കാം എഴുതാം

പ്രശസ്ത നോവലിസ്റ്റ് പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ ഒരു യാത്രാനുഭവം രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കൂ. ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതണം.

ഒക്ടോബർ മാസത്തോടെ ഉത്തരേന്ത്യയിൽ ഹേമന്തം തുടങ്ങുന്നു. മൂടൽ മഞ്ഞിന്റെ മറവിലൂടെ ഇളം ചിരിയുമായി ഉയർന്നു വരുന്ന സൂര്യൻ. വെയിൽ പരക്കുമ്പോൾ ആകാശം തെളിയുന്നു. വൃക്ഷലതാദികൾ ഇളം തണുപ്പിൽ പുളകം കൊള്ളുന്നു. ഉദ്യാനം നിറയെ വിരിഞ്ഞു നിൽക്കുന്ന അനേകതരം പുഷ്പങ്ങൾ. അവയെ സ്നേഹിച്ച് തഴുകിക്കൊണ്ട് ഓടിമറയുന്ന കാറ്റ്. അങ്ങനെയിരിക്കെ ഒരു ദിവസം ഞങ്ങൾ ആഗ്രയിൽപ്പോയി താജ്മഹൽ കാണാൻ തീരുമാനിച്ചു. ഹേമന്തത്തിലെ പൗർണമി നാളിൽ ചന്ദ്രൻ തലക്കുമീതെ വന്നുനിൽക്കുന്ന ഒരു രാത്രിയുണ്ട്. അന്ന് താജ്മഹലിൽ വലിയ തിരക്കായിരിക്കും. അന്നത്തെ നിലാവുള്ള രാത്രിയിലാണ് താജിന്റെ പ്രതിബിംബം നിശ്ചലമായ യമുനയുടെ ജലപ്പരപ്പിൽ നിഴലിക്കുക. തോളോട് തോൾ ചേർന്ന് നിൽക്കുന്ന ബിംബവും, പ്രതിബിംബവും തിരിച്ചറിയാൻ കഴിയാത്ത താജ്മഹലിന്റെ ആ അപൂർവ ദൃശ്യം കാണാൻ ലോകത്തിന്റെ നാനാഭാഗത്തു നിന്നും സഞ്ചാരികൾ അവിടെ അന്നത്തെ ദിവസം മേളിക്കും.

1. സൂര്യൻ ഉയർന്നു വരുന്നത് എങ്ങനെ?

   (എ) മേഘങ്ങൾക്കിടയിലൂടെ (ബി) വൃക്ഷങ്ങൾക്കിടയിലൂടെ

   (സി) മൂടൽമഞ്ഞിലൂടെ

2. ഇളം തണുപ്പിൽ പുളകം കൊള്ളുന്നത് ആരാണ്?

   (എ) ഹേമന്തം (ബി) വൃക്ഷലതാദികൾ

   (സി) താജ്മഹൽ

3. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കാഴ്ചപ്പാടിൽ താജ്മഹലിന്റെ സൗന്ദര്യത്തിന് മാറ്റു കൂട്ടുന്നത്.

   (എ) പ്രകൃതി (ബി) മനുഷ്യൻ (സി) മൃഗങ്ങൾ

4. യാത്രികനെ ആകർഷിച്ച രാത്രിയുടെ ഏറ്റവും വലിയ സവിശേഷത എന്തായിരുന്നു?

   (എ) മൂടൽമഞ്ഞ് (ബി) തണുത്തകാറ്റ്

   (സി) തലക്കുമീതെ നിൽക്കുന്ന പൗർണമി ചന്ദ്രൻ

5. മൂടൽമഞ്ഞിന്റെ മറവിലൂടെ സൂര്യൻ ഇളം ചിരിയുമായി ഉയർന്നുവരുന്ന കാലം.

(എ) ഹേമന്തം (ബി) ശിശിരം (സി) ഗ്രീഷ്മം

**പ്രവർത്തനം 2 – കത്ത്**

(എ) 'ദില്ലി ബാബു ഇതെന്റെ ഭായിക്ക് കൊടുക്കണം' വെളുത്ത ഉരുളൻ കല്ല് നൽകി സിംല യാത്രികനോട് പറഞ്ഞതാണിത്.

ഇതിന്റെ കൂടെ ചേട്ടനു കൊടുക്കാൻ ഒരു കത്ത് കൂടെ നൽകിയിരുന്നെങ്കിൽ ആ കത്തിൽ എന്തെല്ലാമാണ് അവൾ എഴുതിയിട്ടുണ്ടാവുക? (ചേട്ടനോടൊത്ത് വട്ട് കളിക്കാനാകാത്തതിലുള്ള സങ്കടം, വീട്ടിലെ കാര്യങ്ങൾ, കളിക്കാൻ കല്ല് കൊടുത്തയക്കുന്നത്, അവളുടെ സ്വപ്നങ്ങൾ...)

സിംല എഴുതുന്ന ഒരു കത്ത് തയാറാക്കുക.

**പ്രവർത്തനം 3 – ആസ്വാദനക്കുറിപ്പ്**

**കണിക്കൊന്ന**

വിഷുവൊരു കണിയായ് നൽകും മേടം
വീട്ടിൻ മുറ്റത്തെത്തുമ്പോൾ
പൂമുഖ വാതിലിൽ വന്നെതിരേൽക്കും
പെൺകൊടിയാണ് കണിക്കൊന്ന.
ചില്ലകൾ തോറും ചായും വെയിലിൽ
മെല്ലെ വിഷുക്കിളി പാടുമ്പോൾ
പൂക്കളിലൂടെ വസന്തം നെയ്യും
സുന്ദരിയാണ് കണിക്കൊന്ന.
തീഷ്ണജ്വാലകളായ് മദിക്കും
ഗ്രീഷ്മ നിദാഘ സ്മരണകളെ
മന്ദസ്മേരം കൊണ്ടണിയിക്കും
കൺമണിയാണു കണിക്കൊന്ന
വേനൽ ചൂടേറ്റുരുകുമ്പോഴും
വെറുതെ കണ്ണീർ തൂകാതെ
പുതിയൊരു ജന്മം സ്വപ്നം കാണും
പ്രണയിനിയാണ് കണിക്കൊന്ന.

നിദാഘം – ചൂട്

**സുഗതകുമാരി**

കണിക്കൊന്നയിൽ ആരെയെല്ലാമാണ് കവയിത്രി കാണുന്നത്? പൂക്കളിലൂടെ വസന്തം നെയ്യും സുന്ദരി തുടങ്ങിയ പ്രയോഗങ്ങൾ കവിതയിൽ കാണുന്നില്ലേ.

കവിതയുടെ രചനാരീതി, കാവ്യഭാഷയുടെ സവിശേഷതകൾ, സൗന്ദര്യാംശം, 'പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിതയുമായുള്ള സാദൃശ്യം, സ്വന്തം നിരീക്ഷണങ്ങൾ എന്നിവയെല്ലാം ചേർത്ത് ഒരു ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**പ്രവർത്തനം 4 – പത്രവാർത്ത**

**ജഗന്റെ ഡയറിയിൽ നിന്ന്**

**എന്റെ മനസ്സ് നിറഞ്ഞു. ചന്ദ്രേട്ടന് 'കർഷകശ്രീ' അവാർഡ് ലഭിച്ച ദിവസമാണിന്ന്. 'യുവതലമുറക്ക് വഴികാട്ടിയാണ് ചന്ദ്രേട്ടൻ,' എന്നാണ് അവാർഡ് നൽകിക്കൊണ്ട് കൃഷിമന്ത്രി പറഞ്ഞത്. തുടർന്നു സംസാരിച്ച എം.എൽ.എ. യും പഞ്ചായത്ത് പ്രസിഡന്റും ചന്ദ്രേട്ടന്റെ ജൈവകൃഷിയെ വാനോളം പുകഴ്ത്തി. മുത്തച്ഛൻ ചെയ്ത പാപത്തിന് കാലം പ്രായശ്ചിത്തം ചെയ്യുകയാണോ ആവോ?**

ജഗന്റെ വീട്ടിലേക്കു മടങ്ങി വന്ന ചന്ദ്രേട്ടൻ തിരിച്ചു പോവാതെ കൃഷിപ്പണികളിൽ സജീവമായി എന്നു സങ്കൽപ്പിക്കുക. തുടർന്നുണ്ടായ സംഭവങ്ങളാണ് ജഗന്റെ ഡയറിയിൽ നിങ്ങൾ വായിച്ചത്.

പിറ്റേ ദിവസത്തെ പത്രത്തിൽ അവാർഡ് ദാനത്തെക്കുറിച്ച് വരാൻ സാധ്യതയുള്ള വാർത്ത തയാറാക്കുക.

കൃഷിയിൽ ചന്ദ്രേട്ടൻ കൈവരിച്ച നേട്ടങ്ങൾ, അദ്ദേഹത്തിന് കുട്ടിക്കാലത്ത് ജഗന്റെ വീട്ടിൽ നിന്നുണ്ടായ ദുരനുഭവങ്ങൾ, അനുമോദന യോഗത്തിന്റെ കാര്യപരിപാടി തുടങ്ങിയവയെല്ലാം പരിഗണിക്കണം.

**പ്രവർത്തനം 5 – ഡയറിക്കുറിപ്പ്**

എ. **"ഞാൻ മഹാത്മാഗാന്ധിയെ കണ്ടിട്ടുണ്ട്. പ്രസംഗം കേട്ടിട്ടുണ്ട്... അതൊക്കെ എന്നെന്നും ഓർക്കാൻ എന്തൊരു സുഖമാണ്."**

ലളിതാംബിക അന്തർജനം ഗാന്ധിജിയെ കണ്ട സന്ദർഭം നമ്മൾ പരിചയപ്പെട്ടിട്ടുണ്ടല്ലോ. അന്നേ ദിവസം ലളിതാംബിക അന്തർജനം എഴുതുവാനിടയുള്ള ഒരു ഡയറിക്കുറിപ്പ് തയാറാക്കൂ.

ഹരിജനകേന്ദ്ര സന്ദർശനം, ശകാര രൂപത്തിലുള്ള അനുഗ്രഹ വചസ്സുകൾ തുടങ്ങിയ സംഭവങ്ങളൊക്കെ ഉൾപ്പെടുത്തണം.

## പ്രവർത്തനം 6 - വിശകലനക്കുറിപ്പ്

അമ്മ കുട്ടിയെ വളർത്തുന്നതുപോലെയാണ് പ്രകൃതി പൂവിനെ സംരക്ഷിക്കുന്നത്. 'വീണപൂവ്' എന്ന കവിതയിൽ ഇക്കാര്യം നാം കണ്ടുവല്ലോ? മറ്റൊരു പൂവിന്റെ അനുഭവം ആവിഷ്കരിക്കുന്ന വരികൾ താഴെ കൊടുത്തിരിക്കുന്നു. വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

നീലാകാശം നിൻ ഹൃദയത്തിൽ
മുത്തുകൾ വർഷിച്ചു
ഒടുവിൽ നിന്റെ വിളക്കിലെ നാളവു-
മണയാൻ പോകുന്നു.
നീയെന്തിനു ദുഃഖിക്കുന്നു
നീലക്കൊടുവേലി
നിന്നുടെ കൂട്ടിന് നിൽക്കുകയല്ലേ
ഭൂമിയും അംബരവും

**പി. മധുസൂദനൻ**

നീലക്കൊടുവേലി ദുഃഖിക്കുവാൻ കാരണമായ സാഹചര്യം, അതിനുള്ള പരിഹാരം തുടങ്ങിയവയും പരിഗണിക്കണം.